കവിത

# മണലാരണ്യത്തിൽ മേയുന്ന മനസ്സ്

പി.ടി അബ്ദുർറഹ്മാൻ

**മുഹമ്മദുർറസൂലിനെ**
നൊന്തുപെറ്റ കാലമെന്റെ
മുന്നിൽവന്നു മൗനഗാന–
മാലപിക്കുന്നോ?
അവൾപാടും ഉണർത്തുപാ–
ട്ടേറ്റെടുത്തു പാടുവാൻ ഞാൻ
അവനിയിൽ കവിയായി–
ട്ടവതരിച്ചോ?

പാട്ടെഴുത്തൊരുകണക്കിൽ
കേട്ടെഴുത്താണെങ്ങോയേതോ
പാത്രത്തിൽ നിറഞ്ഞതിൽനി–
ന്നൊരു തുള്ളുമ്പൽ!
അതുമായിപ്പുതുമിഴി
തുറക്കുവാൻ കഴിയുമ്പോൾ
അകലമെന്നരികിലായ്
തെളിഞ്ഞുവന്നോ?

ഗോതമ്പുറൊട്ടിയും ഈത്ത–
പ്പഴവുമാഹരിക്കുന്ന
സാധാരണക്കാരിയായൊ–
രറബിപ്പെണ്ണേ,
ആമിനേ, ചരിത്രഗ്രന്ഥ–
ത്താളിൽ രത്നലിപികളിൽ
ആലേഖനം ചെയ്യപ്പെട്ടോ
തവാഭിധാനം?

കാരക്കമരത്തിൽ സ്നേഹ–
മൂറിക്കൂടി മധുരമായ്,
കാണിക്കയായ് മാറുമ്പോഴെൻ
കൺനനയുന്നോ?
ഞാൻ തന്നെയോ ഞാനെന്നു ഞാ–
നെന്നെയെന്നിൽ പരതുന്നോ,
ജ്ഞാനത്തിന്റെ ലോകത്തിന്റെ
അർഥം തേടുന്നോ?

ഹിറാഗുഹയ്ക്കകത്തൊരു
യുവതപസ്വിയെക്കണ്ടോ,
പൊരുളൊളി ശകലമെൻ
മനമിരന്നോ?
അതുവഴി മേഞ്ഞുമേഞ്ഞു
അകിടുനിറഞ്ഞു നിൽക്കും
അഴലറ്റ പെണ്ണൊട്ടക–
മെന്നെ നോക്കുന്നോ?

ശാന്തിയുടെ പ്രാക്കൾപാറും
കഅ്ബാ ദേവാലയത്തിൻ
കാന്തിവീശും മനസ്സിൽ ഞാൻ
നിസ്കരിക്കുന്നോ?
മുഹമ്മദുർറസൂലിനെ
നൊന്തുപെറ്റ കാലമെന്റെ
മുന്നിലെത്തി പ്രാർഥിക്കുവാൻ
'ഇമാമാ'യ് നിന്നോ?